## ഭരണഭാഷ - മാതൃഭാഷ

അടിയന്തിരം / സമയബന്ധിതം

നമ്പർ. ഇ.എ-2/20265/18/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 10.12.2019

**പരിപത്രം നമ്പർ 113/2019**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - ആധാർ അധിഷ്ഠിത സ്പാർക്ക് ബന്ധിത ബയോ മെട്രിക് പഞ്ചിംഗ് - വിവരശേഖരണം - സംബന്ധിച്ച്

സൂചന :- 1. 18.05.2018 ലെ സ.ഉ.(കൈ) 108/2018/പൊഭവ നമ്പർ ഉത്തരവ്
2. 06.05.2019 ലെ സ.ഉ.(കൈ) 77/2019/പൊഭവ നമ്പർ ഉത്തരവ്

ഭരണ നവീകരണത്തിന്റെ ഭാഗമായി സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, ജീവനക്കാരുടെ ഹാജർ ഉറപ്പ് വരുത്തുന്നതിനുമായി എല്ലാ സർക്കാർ ഓഫീസുകളിലും ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിങ് സംവിധാനം നടപ്പിലാക്കുന്നതിന് സൂചനകൾ പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

സ്പാർക്ക് (SPARK) - മായി ബന്ധിപ്പിച്ച ആധാർ അധിഷ്ഠിത ബയോ-മെട്രിക് പഞ്ചിംഗ് സിസ്റ്റം (AEBAS) നടപ്പാക്കുന്നതിന്റെ ഭാഗമായി സ്പാർക്ക് വഴി ശമ്പളം വാങ്ങുന്ന വകുപ്പിലെ എല്ലാ ജീവനക്കാരും ഈ വകുപ്പിന് അനുവദിച്ചിരിക്കുന്ന **kldte.attendance.gov.in** എന്ന പോർട്ടലിൽ **24.12.2019 ന് മുമ്പായി** രജിസ്റ്റർ ചെയ്യേണ്ടതാണ്.

ടി പോർട്ടലിൽ നൽകുന്ന വിവരങ്ങൾ സ്പാർക്കിലെ അക്കൗണ്ടുമായി ബന്ധിപ്പിക്കാൻ UIDAI നൽകിയിരിക്കുന്ന വിവരങ്ങളും (പേര്, ജനനതീയതി, ജൻഡർ, ആധാർ നമ്പർ) , Organisation User Code ആയി സ്പാർക്കിലെ PEN (Permanent Account Number)ഉം ആണ് നൽകേണ്ടത്. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രസ്തുത സൈറ്റിൽ ഇംഗ്ലീഷിലും ഈ പരിപത്രത്തിന് അനുബന്ധമായി മലയാളത്തിലും നൽകിയിട്ടുണ്ട്.

സ്ഥാപനമേധാവികൾ ഈ പരിപത്രം സ്ഥാപനത്തിലെ എല്ലാ ജീവനക്കാരെയും അറിയിക്കേണ്ടതും ടി പോർട്ടലിൽ വിവരങ്ങൾ നിശ്ചിത തീയതിക്കകം ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സംശയദൂരീകരണത്തിനായി 0471-2561311 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഡോ. കെ.പി ഇന്ദിരാദേവി
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. സി.എ, ഡയറക്ടർ
2. സി.എ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3. വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും (ഡിടിഇ വെബ്സൈറ്റ് വഴി)
4. സിസ്റ്റം അനലിസ്റ്റ്, ഡിടിഇ
5. കരുതൽ സഞ്ചയം

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

Draft #10 of File EA2/20265/18/DTE Approved by Director (in-charge) on 10-Dec-2019 10:52 AM - Page 1

## അനുബന്ധം

## കേന്ദ്ര സർക്കാരിന്റെ ബയോ-മെട്രിക് അറ്റൻഡൻസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന വിധം

ഏതെങ്കിലും വെബ്-ബ്രൗസർ ഉപയോഗിച്ച് **https://kldte.attendance.gov.in** എന്ന വെബ്സൈറ്റ് സന്ദർശിച്ച്, ഹോം പേജിലെ **<User Registration>** എന്ന ബട്ടൺ ക്ലിക്ക് ചെയ്താൽ താഴെ കൊടുത്തിരിക്കുന്ന വിവരങ്ങളടങ്ങിയ സ്ക്രീൻ ലഭ്യമാകും. ഓരോ ചോദ്യങ്ങൾക്കനുസരിച്ച് താഴെ പറയുന്ന വിവരങ്ങൾ പൂരിപ്പിച്ച് നൽകി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

### I. വ്യക്തിപരമായ വിവരങ്ങൾ (Personal Details)

(1) **User Full Name** * (UIDAI യിൽ നൽകിയിരിക്കുന്ന പ്രകാരം മുഴുവൻ പേര് ടൈപ്പ് ചെയ്യുക)
(2) **Date of Birth** (UIDAI യിൽ നൽകിയിരിക്കുന്ന പ്രകാരം ജനനതീയതി DD-MM-YYYY എന്ന ഫോമാറ്റിൽ നൽകുക)
(3) **Gender** * (Male/Female UIDAI യിൽ നൽകിയിരിക്കുന്ന പ്രകാരം അനുയോജ്യമായത് തെരഞ്ഞെടുക്കുക)
(4) **Enter Aadhaar Number** * (UIDAI നൽകിയിരിക്കുന്ന 12 അക്കങ്ങളുള്ള ആധാർ നമ്പർ ടൈപ്പ് ചെയ്യുക)
(5) **E-Mail** (ഇ-മെയിൽ വിലാസം ടൈപ്പ് ചെയ്യുക)
(6) **Mobile No.** * (മൊബൈൽ നമ്പർ 10 അക്കങ്ങളിൽ നൽകുക)

മേൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ നൽകിയ ശേഷം **<Next>** എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. തുടർന്ന് (ജോലി ചെയ്തു കൊണ്ടിരിക്കുന്ന) സ്ഥാപന സംബന്ധമായ വിവരങ്ങൾ നൽകാനുള്ള സ്ക്രീൻ ലഭ്യമാകും

### II. സ്ഥാപന സംബന്ധമായ വിവരങ്ങൾ (Organizational Details)

(1) **User Type** * (Government / Contract ൽ നിന്നും Government തെരഞ്ഞെടുക്കുക.)
(2) **Division/Unit within Organization** * (കൊടുത്തിരിക്കുന്ന ലിസ്റ്റിൽ Offices under DTE / Govt Engineering Colleges / Govt Aided Engineering Colleges / Govt Polytechnic Colleges / Govt Aided Polytechnic Colleges / Govt Technical High Schools / Govt Fine Arts Colleges / Govt Institutes of Fashion Design) നിന്നും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് അനുയോജ്യമായത് തെരഞ്ഞെടുക്കുക.)
(3) **Designation** * (കൊടുത്തിരിക്കുന്ന ലിസ്റ്റിൽ നിന്നും ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയുടെ പേര് തെരഞ്ഞെടുക്കുക.)
(4) **District*** (കൊടുത്തിരിക്കുന്ന ലിസ്റ്റിൽ നിന്നും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനം സ്ഥിതിചെയ്യുന്ന ജില്ല തെരഞ്ഞെടുക്കുക)

(5) **Office Location *** (കൊടുത്തിരിക്കുന്ന ലിസ്റ്റിൽ നിന്നും  ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനം തെരഞ്ഞെടുക്കുക)

(6) **Organization User Code *** (സ്പാർക്കിൽ നൽകിയിരിക്കുന്ന 6 അക്കങ്ങളുള്ള പെർമെന്റ് എംപ്ലോയീ നമ്പർ (PEN) ടൈപ്പ് ചെയ്യുക)

(7) **Photograph (only .jpg format and size upto 150 KB) *** (150 KB യോ അതിൽ കുറവോ സൈസിൽ jpg ഫയൽ ഫോർമാറ്റിൽ സ്കാൻ ചെയ്ത് കമ്പ്യൂട്ടറിൽ സ്റ്റോർ ചെയ്തിരിക്കുന്ന ഫോട്ടോഗ്രാഫ് **<Browse>** എന്ന ബട്ടൺ ഉപയോഗിച്ച് കണ്ടെത്തി അപ്‌ലോഡ് ചെയ്യുക)

(8) **Enter the code exactly as it appears: *** (ശേഷം കൊടുത്തിരിക്കുന്ന ക്യാപ്ച്ച കോഡ് (ഇംഗ്ലീഷ് അക്കങ്ങളുടെയും അക്ഷരങ്ങളുടെയും ശ്രേണി) ടൈപ്പ് ചെയ്യുക)

**Disclaimer:** I, owner of above Aadhaar Number, agree that the Aadhar Enabled Biometric Attendance System (AEBAS) uses my Aadhaar Number for authentication with UIDAI data repository for creating attendance record. I have no objection to the same as per Aadhaar Act 2016. MeitY / NIC have informed me that my biometric data will not be stored or shared except as per provisions of Aadhaar Act 2016. (ഈ പ്രസ്താവന അംഗീകരിച്ചു കൊണ്ട് അതിനു മുകളിൽ കൊടുത്തിരിക്കുന്ന ചെക്ക് ബോക്സ് ടിക്ക് ചെയ്ത ശേഷം (നൽകിയിരിക്കുന്ന വിവരങ്ങൾ ഒന്നുകൂടി ശരിയാണെന്നുറപ്പ് വരുത്തിയ ശേഷം) **<Submit>** എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.

- **മേൽ പറഞ്ഞിട്ടുള്ള വിവരങ്ങളെല്ലാം (ഫോട്ടോ Jpg ഫോർമാറ്റിൽ ഉൾപ്പെടെ) സംഘടിപ്പിച്ച ശേഷം മാത്രം പോർട്ടലിൽ രജിസ്റ്റർ ചെയ്യുവാൻ ശ്രദ്ധിക്കുക.**
- **സബ്മിറ്റ് ചെയ്ത അപേക്ഷയിലെ വിവരങ്ങൾ UAIDI യിലേതുമായി ഒത്തുനോക്കി ശരിയാണെങ്കിൽ മാത്രമേ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയുള്ളൂ.**